അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് നെല്ലുല്പാദനം ഇരട്ടിയാക്കുന്നതിനുള്ള തായി 383 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള ഒരു പദ്ധതി കേന്ദ്രം പദ്ധതി പ്രഖ്യാപിച്ച അന്നുതന്നെ അംഗീകാരത്തിനായി കേന്ദ്രഗവൺമെന്റിന് സമർപ്പി ച്ചിട്ടുണ്ട്.

10 (*264) കേന്ദ്ര ബഡ്ജറ്റിൽ അധിക വിഭവ സമാഹരണത്തിന് ഏർപ്പെടുത്തിയ സർചാർജ്

ശ്രീ. ജി. സുധാകരൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രബജറ്റിൽ അധിക വിഭവസമാഹരണത്തിൽ സർച്ചാർജ് ഏർപ്പെടുത്തിയതുകാരണം സംസ്ഥാനങ്ങൾക്ക് വരുമാന നഷ്ടം ഉണ്ടാകു മെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേരളത്തിന് ഉണ്ടാകാവുന്ന നഷ്ട ത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കേന്ദ്ര സംസ്ഥാന വിഭവ കൈമാറ്റം കുറഞ്ഞുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ കഴിഞ്ഞ രണ്ടുവർഷങ്ങളിലുണ്ടായ കുറവെത്രയാണെന്ന് വിശദമാക്കുമോ;

(ഇ) സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്രസഹായം, കേന്ദ്രം നേരിട്ട് നടപ്പാക്കുന്ന പദ്ധതികൾക്കുള്ള സഹായം എന്നിവയിൽ കുറവുവന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(എഫ്) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) ഉദ്ദേശം 4.67 കോടി രൂപയോളം വരും.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പത്താം ധനകാര്യ കമ്മിഷൻ ശുപാർശ പ്രകാരം 1996-97 മുതൽ ലഭിക്കേണ്ടിയിരുന്ന 29 ശതമാനം ആൾട്ടർനേറ്റ് ഡെവല്യൂഷൻ സ്കീം ഇതുവരെ കേന്ദ്രം നടപ്പാക്കാത്തതിനാൽ സംസ്ഥാനത്തിന് 96-97 മുതൽ 98-99 വരെ ഏകദേശം 250 കോടി രൂപയുടെ വരുമാനം കുറവുണ്ടായിട്ടുണ്ട്.

(ഇ)&(എഫ്) സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായത്തിൽ കുറവുണ്ടായിട്ടില്ല. എന്നാൽ കേന്ദ്രം നേരിട്ട് നടപ്പാക്കുന്ന പദ്ധതികൾക്കുള്ള സഹായത്തിൽ കുറവുണ്ടായിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാനവിഹിതം 1996-97 നെ അപേക്ഷിച്ച് 97-98 ൽ 34.33 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly